കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - 2018 ഡിസംബർ , 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസം വരെയുള്ള കർഷക പെൻഷൻ വിതരണത്തിന് അധിക തുക അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു

ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്

---

**GO (Rt ) No.3107/2019/FIN** തീയതി ,തിരുവനന്തപുരം,17.04.2019

പരാമർശം :- 1) സ.ഉ.(സാധ) നം. 1182/2019/ധന തീയതി: 16.02.2019
2) സ.ഉ.(സാധ) നം. 1614/2019/ധന തീയതി: 02.03.2019
3) സ.ഉ.(സാധ) നം. 1890/2019/ധന തീയതി: 15.03.2019
4) സ.ഉ.(സാധ) നം. 2890/2019/ധന തീയതി: 08.04.2019
5)08.04.2019 തീയതിയിലെ അനൗദ്യോഗിക ഫയൽ നമ്പർ AGRI-PB1/12/2019/AGRI

<u>ഉത്തരവ്</u>

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് 2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള 5 മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് പരാമർശം മൂന്ന് പ്രകാരം 350,35,11,099/- രൂപ (മുന്നൂറ്റി അമ്പത് കോടി മുപ്പത്തി അഞ്ച് ലക്ഷത്തി പതിനൊന്നായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട് .

2. കർഷക പെൻഷൻ നൽകുന്നതിനായി അനുവദിച്ചിട്ടുള്ള തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൽ നിന്നും കൃഷി ഡയറക്ടറുടെ പേരിലുള്ള സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേക്കാണ് കൈമാറുന്നത് . ഈ സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ചിരിക്കുന്ന തുക ഉപയോഗിച്ച് പെൻഷൻ നല്കാൻ കഴിയില്ലായെന്നും ആകയാൽ പ്രസ്തുത ബഡ്ജറ്റ് വിഹിതം സറണ്ടർ ചെയ്തിട്ടുള്ളതായും കൃഷി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ആയതിനാൽ കർഷക പെൻഷൻ പൂർണമായും

നൽകുന്നതിന് 3,71,95,454 രൂപ നൽകണമെന്ന കൃഷി വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം കൃഷി വകുപ്പ് ശിപാർശ ചെയ്തു അയച്ചിട്ടുണ്ട് .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള അഞ്ച് മാസത്തെ കർഷക പെൻഷൻ ആവശ്യമായി വരുന്ന അധിക തുകയായ 3,71,95,454 രൂപ(മൂന്ന് കോടി എഴുപത്തൊന്നു ലക്ഷത്തി തൊണ്ണൂറ്റായ്യായിരത്തി നാനൂറ്റി അൻപത്തിനാല് രൂപ മാത്രം) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിൽ നിന്നും (IFSC Code IBKL046KS01) കൃഷി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഉള്ള 701011400000161 നമ്പർ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേക്കു ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു.

4. പരാമർശം 3 ലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം )**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ , കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
കൃഷി വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
കൃഷി ഡയറക്ടർ
ധനകാര്യ (അഗ്രി-ബി)വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

**ഉത്തരവിൻ പ്രകാരം**

**അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ**